(ബി) എങ്കിൽ തലസ്ഥാന നഗരിയിലെ വനിതകൾക്കായുള്ള പോലീസ് സെല്ലിൽ നാല് ചക്രവാഹനങ്ങളിൽ ഡ്രൈവർമാരായി പുരുഷന്മാരെ മാത്രം നിയമിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് വകുപ്പിൽ നാളിതുവരെ വനിതാ ഡ്രൈവർമാരെ റിക്രൂട്ട് ചെയ്തിട്ടില്ലാത്തതിനാൽ പോലീസ് വനിതാ സെല്ലിൽ നാലുചക്ര വാഹനങ്ങളിൽ വനിതകളെ ഡ്രൈവർമാരായി നിയമിക്കുവാൻ നിർവ്വാഹമില്ല.

തീരദേശ പോലീസ് ബോട്ടിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

192 (193) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ പോലീസ് ബോട്ടിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജോലിയുടെ അപകടസാദ്ധ്യത കണക്കിലെടുത്ത് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

തീരദേശ പോലീസ് ബോട്ടിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിഗണന നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

പോലീസ് സേനയിലെ ക്രിമിനലുകൾ

193 (194) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്രയെന്നും ഇതിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള 940 പോലീസുദ്യോഗസ്ഥർ ഉണ്ട്. ഇതിൽ 176 പേർ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്.

LIBRARY ARCHIVES Kerala Legislative Assembly